SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

നം :01/Ex.B3/SOU/2025

തീയതി :20/05/2025

# സർക്കുലർ

സൂചന : (1) 14-05-2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണം, വൈവാ വോസി എന്നിവയുമായി ബന്ധപ്പെട്ട 01/Ex.B3/97/SOU/2025 നമ്പർ നോട്ടിഫിക്കേഷൻ.

**2022 അഡ്മിഷൻ ബിഎ ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (അറബിക്, ഇംഗ്ലീഷ്, ഹിന്ദി, മലയാളം, സംസ്കൃതം) പഠിതാക്കളുടെ ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണം, വൈവാ വോസി എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

## ***ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണം***

**1) വിഷയം തിരഞ്ഞെടുക്കൽ:**

സൂചന (1) പ്രകാരം സർവകലാശാല 14/05/2025 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനിലെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് (മാർഗനിർദ്ദേശം നമ്പർ 3) പഠിതാക്കൾക്ക് ഡിസർട്ടേഷൻ/പ്രോജക്റ്റുമായി ബന്ധപ്പെട്ട വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിന് മേൽനോട്ടം വഹിക്കുന്ന സൂപ്പർവൈസറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

**2) മേൽനോട്ടം:**

സൂചന (1) ലെ നോട്ടിഫിക്കേഷനിലെ മാർഗനിർദ്ദേശം നമ്പർ (7) പ്രകാരം വിവിധ കാറ്റഗറിയിൽ വരുന്ന അദ്ധ്യാപകരെ പഠിതാക്കൾക്ക് സൂപ്പർവൈസറായി തിരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത സൂപ്പർവൈസറിൽ നിന്നും ***'Bio Data cum Certificate'*** (Annexure-I) തയാറാക്കി ഒപ്പ് രേഖപ്പെടുത്തി വാങ്ങുകയും, ഡിസർട്ടേഷൻ/പ്രോജക്റ്റിനോടൊപ്പം LSC യിൽ സമർപ്പിക്കേണ്ടതുമാണ്.

**3) റിപ്പോർട്ട് തയാറാക്കൽ :**

സൂചന (1) ലെ നമ്പർ (11) മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡിസർട്ടേഷൻ/പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്. കവർ പേജിൽ ശീർഷകം, പഠിതാവിന്റെ പേര്, എൻറോൾമെൻറ് നമ്പർ, പ്രോഗ്രാമിന്റെ പേര്, സർവകലാശാലയുടെ പേര്, റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി തുടങ്ങിയവ

ചേർക്കേണ്ടതാണ്. സൂപ്പർവൈസറുടെ സർട്ടിഫിക്കറ്റ് (പേജ്-2), പഠിതാവിന്റെ പ്രസ്താവന (പേജ്-3), അക്നോളജ്മെന്റ് (പേജ്-4), വിഷയസൂചി (Table of Content) (പേജ്-5), ആമുഖം, അധ്യായം തിരിച്ചുള്ള വിഷയ വിവരണം, ഉപക്രമം, ഗ്രന്ഥസൂചി (റഫറൻസ്) എന്നീ ക്രമത്തിൽ ഡിസർട്ടേഷൻ/ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

**4) സമർപ്പണ രീതി :**

സൂചന (1) ലെ നമ്പർ (10) മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് യൂണികോഡ് ലിപിയിൽ തന്നെ ഡിസർട്ടേഷൻ/പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

a) മാർഗ്ഗരേഖ പ്രകാരമുള്ള ഫോണ്ട് സൈസ് (font size), ഫോർമാറ്റ് അനുസരിച്ചാണ് ഡിസർട്ടേഷൻ/പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

b) ഡി ടി പി 25 പേജിലും, കൈയെഴുത്ത് 30 പേജിലും കുറയാൻ പാടുള്ളതല്ല. ഡിസർട്ടേഷൻ/പ്രോജക്ട് ഹാർഡ് ബൗണ്ട്/സ്പൈറൽ ബൗണ്ട് ഇരുവശവും പ്രിന്റ് ചെയ്ത രൂപത്തിൽ സമർപ്പിക്കണം. കവർ, ഫേസിങ് ഷീറ്റ്, ബൈൻഡിങ് തുടങ്ങിയവയൊന്നും തന്നെ പ്ലാസ്റ്റിക് ഉപയോഗിക്കാൻ പാടുള്ളതല്ല.

c) 2 ഹാർഡ് കോപ്പികൾ തയ്യാറാക്കുന്നതിൽ ഒരു കോപ്പി LSC കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും ഒരെണ്ണം വ്യക്തിപരമായി സൂക്ഷിക്കേണ്ടതുമാണ് (വൈവ നടക്കുമ്പോൾ ഡിസർട്ടേഷൻ/പ്രോജക്ടിന്റെ ഹാർഡ് കോപ്പി പഠിതാവിന്റെ കൈവശമുണ്ടാകേണ്ടതാണ്).

**5) മൂല്യനിർണ്ണയം:**

സൂചന (1) ലെ നമ്പർ (13) മാർഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഡിസർട്ടേഷൻ/പ്രോജക്ട് മൂല്യനിർണ്ണയം ചെയ്യുന്നത്. ഇതിന് നിരന്തര മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല, എന്നാൽ ഡിസർട്ടേഷൻ വൈവ വോസി പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ഡിസർട്ടേഷൻ/പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാത്തവർക്ക് വൈവ വോസി പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല. വൈവ വോസി പരീക്ഷയുടെ തീയതി, സമയക്രമം, സ്ഥലം, തുടങ്ങിയവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

**6) സമർപ്പണ തീയതി:**

ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പിക്കേണ്ട ***അവസാന തീയതി 05/08/2025*** *ആയിരിക്കും.*

***സൂചന (1) പ്രകാരം സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള 14/05/2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്ടുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദേശങ്ങൾ കൃത്യമായും പഠിതാക്കൾ വായിച്ച് മനസ്സിലാക്കേണ്ടതാണ്. ഇത് സർവകലാശാല വെബ്സൈറ്റിൽ (www.sgou.ac.in) ലഭ്യമാണ്.***

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**

**പരീക്ഷാ കൺട്രോളർ**

പകർപ്പ്:-

വിസി /പിവിസി എന്നിവരുടെ പി .എസ്.
രജിസ്ട്രാർ/സൈബർ കൺട്രോളർ എന്നിവരുടെ പി.എ
റീജിയണൽ ഡയറക്ടർമാർ/ഹെഡ് ഓഫ് സ്കൂൾസ്
എൽ.എസ്. സി കോഓർഡിനേറ്റർമാർ
കരുതൽ ശേഖരം / ഓഫീസ് കോപ്പി

**ഫയൽ നം:- Ex.B3/97/SOU/2025**